# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5175　　　　24.10.2011 - ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ ചെറു-തുരുത്തി-നെടുമ്പുര കുടി വെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും എൽ.ഐ.സി. യിൽ നിന്നും എന്ത് തുക ചെലവഴിച്ചുവെന്നും അറിയി-ക്കുമോ ; | (എ) | ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതി എൽ.ഐ.സി സഹായത്തോടുകൂടി 03/2000 ൽ ആരംഭിച്ചു. ഈ പദ്ധതിക്ക് 244.84 ലക്ഷം രൂപ എൽ.ഐ.സിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണം സ്തംഭനാവസ്ഥയി ലായിരുന്ന പദ്ധതി നബാർഡ് ധനസഹായത്തോടുള്ള സ്പാൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി എന്ന് നിർമ്മാണം പുനരാരംഭിച്ചു വെന്നും എന്ത് തുക അനുവദിച്ചു വെന്നും അറിയിക്കുമോ ; | (ബി) | നബാർഡ് സഹായത്തോടു കൂടി സ്പാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി 2008-ൽ പുനരാരംഭിച്ചു. ഈ പദ്ധതിക്കു വേണ്ടി 814 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | ഈ പദ്ധതിയുടെ പണികൾ രണ്ടു പാക്കേജു കളായിട്ടാണ് നടപ്പാക്കി വരുന്നത്.<br>പാക്കേജ് -1<br>4 എം.എൽ.ഡി ജലശുദ്ധീകരണശാലയുടേയും 10.42 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയുടേയും പ്രവൃത്തി. ഇതിൽ 10.42 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലസംഭരണിയുടെ പ്രവൃത്തി നടന്നു വരുന്നു. ശുദ്ധീകരണ ശാലയുടെ പ്രാരംഭപണികളും ആരംഭിച്ചിട്ടുണ്ട്.<br>പാക്കേജ് - 2<br>ജലവിതരണ ശൃംഖലയുടെ പണികൾ .<br>പൈപ്പ് ലൈൻ പണികൾ അവസാന ഘട്ട-ത്തിലാണ്. ദക്ഷിണ റെയിൽവേയുടെ ട്രാക്കിനു |

മുകളിലൂടെ (മേൽപാലത്തിലൂടെ) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും പി.ഡബ്ല്യു.ഡി റോഡ് ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് രണ്ടിനും അനുവാദം ലഭിച്ചാൽ ഒരു മാസത്തിനുള്ളിൽ പൈപ്പ്ലൈൻ പണികൾ പൂർത്തിയാക്കുവാൻ കഴിയും.

| | |
|---|---|
| (ഡി) പദ്ധതി പൂർത്തീകരിച്ച് എന്ന് (ഡി) കമ്മീഷൻ ചെയ്യാനാകും ? | പ്രസ്തുത പദ്ധതി 31.03.2012-ൽ ഭാഗീകമായും 30.06.2012-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ